Keraleeyam
2014 March
Rs. 25/-

മാർച്ച് 22 ന് ഒരു ലോകജലദിനം കൂടി കടന്നുപോകുമ്പോൾ ഓർക്കേണ്ട ചില വസ്തുതകൾ...

# സലിലസമൃദ്ധിയിൽ സങ്കടരാശി നിരത്തുമ്പോൾ

**വി.കെ. ശ്രീധരൻ**

**ഇന്ത്യയിലെ** 19 സംസ്ഥാനങ്ങളിൽ ഭൂജലത്തിലെ ഫ്ളൂറൈഡ് അധികരിച്ചതിനാൽ ഫ്ളൂറോസിസ് രോഗബാധിതരായവർ 60000 പേർ. ബഹുമുഖങ്ങളാണ് ജലക്ഷാമത്തിന്റെ നിദാനങ്ങൾ. കാലാവസ്ഥ വ്യതിയാനം, മലിനീകരണം, സ്രോതസുകളുടെ നാശം, ദുർവ്യയവും ദുരുപയോഗവും, തെറ്റായ നയങ്ങൾ, ജനസംഖ്യ വർധന, ശിഥിലമാകുന്ന ആവാസവ്യവസ്ഥകൾ എന്നിവ ചിലതുമാത്രം. അതുകൊണ്ടുതന്നെ ഈ പ്രഹേളികയുടെ കുരുക്കഴിക്കാൻ ഒട്ടനവധി കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. യുദ്ധങ്ങൾ പലപ്പോഴും ജലവിഭത്തിൽ മേൽക്കോയ്മ നേടാനാണ് നടന്നിട്ടുള്ളത്. ഇറാക്ക് യുദ്ധം യുഫ്രറ്റിസ്, ടൈഗ്രിസ് നദികൾ പിടിച്ചെടുക്കുന്നതിനും കൂടിയായിരുന്നു. ഇന്ത്യാ-പാകിസ്ഥാൻ പോരിന്റെ ഒരു ലക്ഷ്യം കാർഗിലിലെ മഞ്ഞുപാളികളിൽ ആധിപത്യം സ്ഥാപിക്കുക എന്നതും. കേരളം-തമിഴ്നാട് സംസ്ഥാനങ്ങളുടെ പോരാട്ടം മുല്ലപെരിയാർ, അളിയാർ പദ്ധതികളെച്ചൊല്ലി. സുപ്രീം കോടതി ഉത്തരവുപ്രകാരം തമിഴ്നാടിന് കാവേരിയിൽ നിന്നും വെള്ളം വിട്ടുകൊടുത്തതിനെ തുടർന്ന് കർണ്ണാടകയിൽ പ്രക്ഷോഭങ്ങൾ. അന്തർദ്ദേശീയ ജലതർക്കങ്ങളെപ്പോലെ പൊതുകിണറുകളുടെയും വാട്ടർടാപ്പുകളുടെയും അരികിൽനിന്നും സംഘർഷങ്ങൾ വീടുകളിലേക്കെത്തുന്നു. അതിനാലാണ് 2013 ജലസഹകരണ വർഷമായി ആചരിക്കാൻ ഐക്യരാഷ്ട്രസഭ ആഹ്വാനം ചെയ്തിരുന്നത്.

ഗാർഹികാവശ്യത്തിന് വാട്ടർകണക്ഷൻ എന്നത് എന്ത് സ്വാധീനമുപയോഗിച്ചും വിലകൊടുത്തും എടുക്കുകയെന്നത് ജനങ്ങളുടെ മുഖ്യദൗത്യമായി മാറിയിരിക്കുകയാണ്. വാട്ടർ ടാപ്പുകൾ എത്താത്തതല്ല, പുതുതായി കണക്ഷൻ നൽകുമ്പോൾ മൊത്തത്തിലുള്ള വിതരണത്തിൽ കുറവുണ്ടാകുമെന്നും ജലദൗർലഭ്യമാണ് സങ്കീർണ്ണമായ പ്രശ്നമെന്നും നാം തിരിച്ചറിയണം. പൈപ്പ് പൊട്ടൽ തുടർകഥയാകുമ്പോൾ, അരുവിക്കരയിൽ നിന്നും തിരുവനന്തപുരത്തേക്കും പീച്ചിയിൽ നിന്നും തൃശൂരിലേക്കും വെള്ളമെത്താതെ ജനമുഴലുമ്പോൾ, വിദൂര സലില സ്രോതസ്സുകളേക്കാൾ അയൽപക്കത്തെ/വീട്ടിലെ കിണറുകളാണ് വിശ്വസനീയമെന്ന് ബോധ്യപ്പെടണം. കേരളത്തിൽ 60 ശതമാനം ജനങ്ങളും ആശ്രയിക്കുന്ന 58 ലക്ഷം കിണറുകളിൽ 90 ശതമാനവും രോഗാണുവാഹികളെന്ന് റിപ്പോർട്ട്. ഇന്ന് ജലക്ഷാമം മൂലം നരകിക്കുന്നത് 30 രാജ്യങ്ങളിലെ 110 കോടി ജനങ്ങൾ. 13 വർഷം കഴിയുമ്പോൾ ലോകജനസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗമായി ഇത് വർധിക്കും.

മലിനീകരണമാണ് മറ്റൊരു ഭീഷണി. ഗൃഹ, വ്യാവസായിക മാലിന്യങ്ങൾ എല്ലാം തള്ളിവിടുന്നത് ജലശേഖരങ്ങളിലേക്ക്. ഇത് നദിയുടെയും സമുദ്രത്തിന്റെയും ശുദ്ധീകരണശേഷിക്കപ്പുറത്താണ്. അക്കാരണത്താൽ അവ ജലത്തിൽ അലിഞ്ഞുചേർന്ന് മത്സ്യങ്ങളിലും മറ്റു ജലജീവികളിലും സന്നിവേശിച്ച് അത് വലിച്ചെറിയുന്ന മനുഷ്യനിൽ തന്നെ തിരിച്ചെത്തുന്നു. ക്ലോറൈഡ്, ഫ്ളൂറൈഡ്, ആർസെനിക്, കാഡ്മിയം തുടങ്ങി മെർക്കുറി വരെയെത്തുന്ന ശൃംഖല. പുണ്യനദികളായ പമ്പയും ഗംഗയും കാവേരിയുമൊക്കെ പാപഭാരത്താൽ തലകുനിച്ച് നിൽക്കുന്നു. അച്ചൻകോവിലാറിലെ ജലം ദുഷിച്ചതിനാൽ ശുദ്ധീകരണം നടക്കാതെ കായംകുളം താപനിലയം അടച്ചുപൂട്ടൽ ഭീഷണി നേരിട്ടതാണ്. അഴക്കു നിറഞ്ഞ്, ഒഴുക്കില്ലാതെ, സാഗരത്തിൽനിന്ന് സരിത്തുകളിലേക്ക് കയറുന്ന ഓരുജലം ശുദ്ധജല ഉറവിടങ്ങളുടെ ഉള്ളകങ്ങളിൽ വരെയെത്തി. ഇത് തടയുവാൻ വേണ്ടത് എക്കാലത്തുമുള്ള അരുവിയുടെ സ്വച്ഛന്ദമായ പ്രയാണമാണ്. കടലിലെയും മറ്റുജലാശയങ്ങളിലെയും വെള്ളം നീരാവിയായി, ആകാശത്തുവച്ച് ഘനീഭവിച്ച് മഴയായി പതിക്കുന്നു. സമുദ്രത്തിലെ ഉപ്പുവെള്ളത്തെ ശുദ്ധീകരിച്ച് മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ഉപയോഗിക്കാവുന്ന ശുദ്ധജലമാക്കി മാറ്റുന്നു. ഇതാണ് 44 നദികളിലൂടെയും മറ്റു 187 ചെറുനദികളിലൂടെയും ഒഴുകിയെത്തുന്ന ജലസമൃദ്ധിക്കാധാരം. മണ്ണിലെ സുഷിരങ്ങളിലും പാറയിടുക്കിലുള്ള അറകളിലും ജലം സംഭരിക്കപ്പെടുന്നു. മുറ്റം മുഴുവൻ തറയോടു നിരത്തി മേനി നടിക്കുമ്പോൾ, മലയാളി മറന്നുപോകുന്നത് ദാഹാർത്തയായ, മിഴിനീരുപോലും വറ്റിയ വസുന്ധരയെയാണ്. ജലസംഭരണത്തിലൂടെ നമുക്ക് ഭൂഗർഭജലനിരപ്പുയർത്താം. 100 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള വീട്ടിൽനിന്നും ശേഖരിക്കാവുന്നത് 2500 ലിറ്റർ വെള്ളമാണ്. കിണറിനടുത്ത് കുഴികുഴിച്ച് മണൽ, ചരൽ, മെറ്റൽ എന്നിവ നിറച്ച് അതിലൂടെ വെള്ളം കടത്തിവിട്ട് ഭൂഗർഭജലം ഉയർത്താം. അപ്പോൾ ഉപ്പുവെള്ളത്തിന്റെ അളവുകുറഞ്ഞ് ഉപയോഗയോഗ്യമാകുന്നു. (ഉദാ: തൃശൂർ ജില്ലാ ഭരണകൂടത്തിന്റെ മഴപ്പൊലിമ, പ്ലാനെറ്റ് കേരള കുട്ടനാട്ടിൽ നടത്തിയ പരീക്ഷണം.)

കുടിവെള്ളമില്ലാതെ പ്രതിവർഷം മരിക്കുന്നത് 20 ലക്ഷം കുട്ടികളാണ്. 2067ൽ ലോകജനതതി 1300 കോടിയിലെത്തുമ്പോൾ കുടിവെള്ളം കിട്ടാക്കനിയാകും. ഇംഗ്ലണ്ടിൽ പൊതുവെ വരുമാനത്തിന്റെ മൂന്നുശതമാനവും, താഴ്ന്ന വരുമാനക്കാർ പത്തുശതമാനവും തുകയാണ് കുടിവെള്ളത്തിനായി ചെലവാക്കുന്നത്. ലോകത്ത് വലിയൊരു വിഭാഗം 20 ശതമാനവും. 100 കോടി പേർക്ക് എത്ര വിലകൊടുത്താലും വെള്ളം കിട്ടാത്ത അവസ്ഥ സംജാതമാകും. കുടിവെള്ള പദ്ധതികൾ കുറ്റമറ്റതാക്കുക, മലിനീകരണം തടയുക, പ്രത്യേക പരിരക്ഷാപരിപാടികൾ നടത്തുക, മഴവെള്ളം പാഴാക്കാതെ ഉറവിടങ്ങൾ റീചാർജ്ജ് ചെയ്യാനാവസരമൊരുക്കുക, ആവാസവ്യവസ്ഥകൾ പ്രത്യേകിച്ച് വനങ്ങൾ നിലിനിർത്തുക തുടങ്ങിയ കർമങ്ങൾ ചെയ്യേണ്ടതുണ്ട്.

വരുന്നു...
കേരളീയം ഡിജിറ്റൽ ആർക്കൈവ്
സാമൂഹിക നീതിക്കും പാരിസ്ഥിതിക സുസ്ഥിരതയ്ക്കുമായി നിലകൊള്ളുന്ന കേരളീയം മാസികയുടെ 15 വർഷങ്ങൾ ഡിജിറ്റൽ രൂപത്തിൽ നിങ്ങൾക്ക് മുന്നിലെത്തുന്നു. കേരളീയത്തിന്റെ മുൻ ലക്കങ്ങൾ ഓൺലൈൻ ആയി വായിക്കാം. ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കാം...

കാത്തിരിപ്പ്
ഒരു മാസം കൂടി മാത്രം

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 21. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com